## 2023-ലെ സി.വി.കുഞ്ഞുരാമൻ സാഹിത്യപുരസ്കാരത്തിന് അർഹനായ
## ശ്രീ. പെരുമ്പടവം ശ്രീധരനു സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

കാവ്യഭാഷയിൽ കഥപറഞ്ഞ് വൈകാരികാനുഭൂതി സൃഷ്ടിക്കുന്നതിൽ വിജയം വരിച്ച എഴുത്തുകാരനാണ് പെരുമ്പടവം ശ്രീധരൻ. ആധുനികതയും ഉത്തരാധുനികതയും അരങ്ങു വാഴുമ്പോഴും തന്റേതായ വഴിയിൽ തന്നെ മുന്നോട്ടുപോകുവാൻ പെരുമ്പടവത്തിനു കഴിഞ്ഞു. നോവലും കഥാസമാഹാരങ്ങളുമായി നാല്പതിൽപരം കൃതികൾ രചിച്ച പെരുമ്പടവത്തിന്റെ തട്ടകം നോവലാണെന്നു സുവിദിതം. എണ്ണിപ്പറയാൻ ഒരുപാടുണ്ടെങ്കിലും *അഭയം, അഷ്ടപദി, ഒരു സങ്കീർത്തനംപോലെ* എന്നിങ്ങനെയുള്ള നോവലുകൾ ഒരേ സമയം പെരുമ്പടവത്തിന്റെയും മലയാള നോവൽസാഹിത്യത്തിന്റെയും കിരീടത്തിലെ പൊൻതൂവലുകളാണ്. പദവികളും പുരസ്കാരങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട പെരുമ്പടവത്തിന് സി.വി. കുഞ്ഞുരാമൻ പുരസ്കാരം സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അത്യധികമായ അഭിമാനവും സന്തോഷവുമുണ്ട്.

ഈ വർഷത്തെ സി.വി. കുഞ്ഞുരാമൻ സാഹിത്യപുരസ്കാരത്തിന് അർഹനായ പെരുമ്പടവം ശ്രീധരനെ സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് ഉടങ്ങിയ എണ്ണപ്പെട്ട അവാർഡുകൾക്ക് അർഹനായ പെരുമ്പടവം ശ്രീധരന് കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായ സി.വി.കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

M. Mukundan

**എം.മുകുന്ദൻ**
അദ്ധ്യക്ഷൻ

**ഹാഷിം രാജൻ**
കാര്യദർശി

സി.വി.കുഞ്ഞുരാമൻ ഫൗണ്ടേഷൻ
തിരുവനന്തപുരം
10 ഏപ്രിൽ 2023